പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6113 07.07.2014- ൽ മറുപടിക്ക്

## വയോജന രക്ഷാ പദ്ധതികളും വൃദ്ധസദനങ്ങളിൽ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും

ചോദ്യം

ശ്രീമതി ഗീതാഗോപി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പിനു കീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വയോജന സുരക്ഷാ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കിവരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരം 60-79 പ്രായപരിധിയിലുള്ള വൃദ്ധ ജനങ്ങൾക്ക് 500 രൂപയും 80 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്ക് 1100/- രൂപയും നൽകിവരുന്നു.<br>വയോജനങ്ങളുടെ ആരോഗ്യ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി വയോമിത്രം പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കി വരുന്നു. ആയതിന്റെ ആദ്യഘട്ടമെന്ന നിലയിൽ മുനിസിപ്പൽ /കോർപ്പറേഷൻ പ്രദേശങ്ങളിലാണ് പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നത്. 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും വൈദ്യ സഹായവും സൗജന്യമായി നൽകുന്നു. കിടപ്പു രോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോം കെയർ നൽകുന്നു. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോവുന്നതിനും തിരിച്ച് കൊണ്ടുപോകുന്നതിനും, സൗജന്യ ആംബുലൻസ് സേവനം നൽകുന്നു. വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിന് 25 ഹെൽപ്പ് ഡെസ്കുകളും സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് വയോജനങ്ങളുടെ സുരക്ഷയ്ക്കായി 15 വൃദ്ധ സദനങ്ങൾ സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. ടി വൃദ്ധ സദനങ്ങൾ ഉൾപ്പെടെയുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അന്തേവാസികളുടെ അധിക പരിചരണത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന മൾട്ടി ടാസ്ക് കെയർ |

| | | | |
|---|---|---|---|
| | | | പ്രൊവൈഡർ, നഴ്സ്, കൗൺസിലർ എന്നിവരുടെ സേവനം നൽകി വരുന്നു. ഇതിനു പുറമേ പ്രായാധിക്യത്താൽ ശയ്യാവലംബരായവരോ മറ്റ് ശാരീരിക പ്രയാസങ്ങളാൽ ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ളവരോ ആയവരെ പരിചരിക്കുന്നവർക്ക് ആശ്വാസ കിരണം പദ്ധതി പ്രകാരം 525/- രൂപ നിരക്കിൽ പ്രതിമാസം ധനസഹായം നൽകുന്നു. |
| (ബി) | സാമൂഹ്യനീതി വകുപ്പ് നേരിട്ട് വയോജന സുരക്ഷാ കേന്ദ്രങ്ങൾ (വൃദ്ധസദനങ്ങൾ) നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | സാമൂഹ്യനീതി വകുപ്പിൻ കീഴിൽ സംസ്ഥാനത്തൊട്ടാകെ വയോജനങ്ങളുടെ സുരക്ഷയ്ക്കായി 15 ഗവൺമെന്റ് വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്ന് താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ അന്തേവാസികൾക്ക് ലഭിക്കുന്നുണ്ട്. പതിനാല് ജില്ലയിലും വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്ത് രണ്ടും മറ്റു ജില്ലകളിൽ ഓരോ വൃദ്ധ സദനവും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഇടുക്കി, പാലക്കാട്, വയനാട്, ആലപ്പുഴ ജില്ലകളിൽ വികലാംഗർക്കുള്ള വൃദ്ധ സദനങ്ങളായാണ് പ്രവർത്തിക്കുന്നത്. |
| (സി) | തൃശ്ശൂർ ജില്ലയിൽ വൃദ്ധസദനങ്ങൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്നറിയിക്കുമോ; | (സി) | ഉണ്ട്. തൃശ്ശൂർ ജില്ലയിൽ രാമപുരത്ത് സർക്കാർ വൃദ്ധസദനം പ്രവർത്തിക്കുന്നു. |
| (ഡി) | ഇത്തരം വൃദ്ധസദനങ്ങളിൽ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും ചട്ടങ്ങളുമുണ്ടെങ്കിൽ വിശദമാക്കുമോ? | (ഡി) | 60 വയസ്സ് കഴിഞ്ഞ ദരിദ്രർക്കാണ് വൃദ്ധ സദനങ്ങളിൽ പ്രവേശനം നൽകുന്നത്. ഇവരിൽ പ്രായം കൂടിയവർക്കും സ്ത്രീകൾക്കും പ്രവേശനത്തിന് മുൻഗണന നൽകുന്നു. നിരക്ഷരരായ വൃദ്ധരെ ജില്ലാ മജിസ്ട്രേറ്റിന്റെ അനുവാദത്തോടെ, ഔപചാരിക അപേക്ഷയില്ലാതെ തന്നെ പ്രവേശിപ്പിക്കുന്നതാണ്. ജാതി മത വിവേചനങ്ങൾ ഉണ്ടായിരിക്കുന്നതല്ല. സ്ത്രീ പുരുഷന്മാർക്ക് പ്രത്യേകം പ്രത്യേകം താമസ സൗകര്യം നൽകുന്നുണ്ട്. രക്ത ബന്ധുക്കളുടെയും ദമ്പതികളുടെയും കാര്യത്തിൽ ഇത് ബാധകമല്ല. വൃദ്ധ സദനങ്ങളിലെ മാനേജ്മെന്റ് കമ്മിറ്റികളാണ് ദൈനംദിന ഭരണം നടത്തുന്നത്. ആയതിന് സർക്കാർ നിയോഗിക്കപ്പെട്ട ഭരണസമിതിയുണ്ടാകും. |

സെക്ഷൻ ഓഫീസർ